നമ്പർ.എച്ച്1/22573/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 03/05/2018.

# പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം - സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിവിധ സാമ്പത്തികാവശ്യങ്ങൾ ഫണ്ട് ലഭ്യത - സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നം.ജി1/71/2016/പൊ.വി.വ., തീയതി: 19/3/2018

.........

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും യാതൊരു നിർബന്ധിത പിരിവുകളും പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ സ്കൂളുകളുടെ ശുചിത്വം, മെയിന്റനൻസ്, കുടിവെള്ള ലഭ്യത, ഇലക്ട്രിസിറ്റി ചാർജ്, ഉദ്യാന പാലനം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ വുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് കടുത്ത വെല്ലുവിളി നേരിടേണ്ടി വരുന്ന അവസ്ഥയാണ് നിലവിലുള്ള തെന്ന് വിവിധ സ്കൂൾ അധികൃതരുടെ ഭാഗത്തു നിന്നു ലഭിക്കുന്ന ഹർജികളിൽ നിന്നും മനസ്സിലാക്കുന്നു. പണം കണ്ടെത്താനുള്ള ബുദ്ധിമുട്ട് നിമിത്തം പല പ്രധാനാധ്യാപകരും സ്കൂളിന്റെ ഭൗതിക മാറ്റങ്ങൾക്കും പരിപാലനത്തിനും വേണ്ടത്ര ശ്രദ്ധ നൽകുവാൻ തയ്യാറാകുന്നില്ല. ആയതിനാൽ സ്കൂളിന്റെ വികസന ഫണ്ട് മെച്ചപ്പെടുത്തുന്നതിനായി സൂചനയിലെ സർക്കാർ കത്തിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ നൽകുന്നു.

1) സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർമാർ, പൊതുജനങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവർ സ്കൂളിന്റെ വികസനത്തിനായി നൽകുന്ന സംഭാവനകൾ പി.ടി.എ കമ്മിറ്റിയുടെ അറിവോടെ സ്വീകരിക്കാവുന്നതും അങ്ങനെ യുള്ളവരെ കണ്ടെത്താവുന്നതുമാണ്.

2) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തോട് അതാത് സാമ്പത്തിക വർഷാരംഭത്തിൽ ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള ഒരു ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള അനുമതി വാങ്ങിക്കുകയും പ്രഥമാധ്യാപ കൻ അതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്യുക.

(---2--)

മേൽപ്പറഞ്ഞ എല്ലാ രീതിയിലും ലഭിക്കുന്ന തുകയ്ക്ക് വ്യക്തമായ രസീത് നൽകുകയും വരവ് - ചെലവ് കണക്കുകൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. സംഭാവനകൾ പിരിച്ചെടുക്കുന്ന പ്രവർത്തനങ്ങളുമായി സ്കൂളിലെ ഒരു കുട്ടിയെയും ബന്ധപ്പെടുത്തരുതെന്ന കാര്യം പ്രഥമാധ്യാപകർ നിർബന്ധമായും പാലിക്കേണ്ടതാണ്.

കെ.വി.മോഹൻകുമാർ.ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്;-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ പ്രധാനാധ്യാപകർക്കും (ജില്ലാ/ഉപജില്ലാ വിദാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്;-

1) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
2) കരുതൽ ഫയൽ

a.r.25/4